# പോലീസ് വകുപ്പ്

# കേരളം

**No.H1-35349/2023/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031
തീയതി.05-07-2023

**DO No. 408/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി -ശ്രീ. ജില്ലു സെബാസ്റ്റ്യൻ (PEN 752449), ഡ്രൈവർ സി.പി.ഓ 10598, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ എന്നയാളെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു കൊണ്ട് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : 05/07/2023 തിയ്യതിയിലെ നാർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പിയുടെ 441/NC/2023/DR നമ്പർ പ്രാഥമിക അന്വേഷണ റിപ്പോർട്ട്

**ശ്രീ. ജില്ലു സെബാസ്റ്റ്യൻ (PEN 752449), ഡ്രൈവർ സി.പി.ഓ 10598** എന്നയാൾ കോഴിക്കോട് റൂറൽ ഡി.എച്ച്.ക്യൂവിൽ ജോലി ചെയ്തു വരവേ 04/04/2023 തിയ്യതി ടിയാന്റെ വാഹനത്തിലിടിച്ച മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തിരുന്ന ദിപിൻ എന്നവർ ആത്മരക്ഷാർഥം താമരശ്ശേരി പി.എസ്സിൽ അഭയം തേടി എത്തിയെങ്കിലും ടിയാനെ പിൻ തുടർന്ന് വന്ന് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരുടെ മുന്നിൽ വെച്ച് ഷർട്ടിന്റെ കോളറിൽ പിടിച്ച് തടഞ്ഞു വെക്കുകയും, മുഖത്തടിച്ച് പരിക്കേൽപ്പിക്കുകയും, ഡ്യൂട്ടിയിലുണ്ടായിരുന്നഎസ്.ഐ നിയമപരമായി നടപടി എടുക്കാമെന്ന് നിർദേശിച്ചിട്ടും, എസ്.ഐ-യുടെ ന്യായമായ നിർദേശം അവഗണിച്ച് കൊണ്ട് മോശമായി തട്ടിക്കയറി സംസാരിക്കുകയും, തടയാൻ ശ്രമിച്ച എസ്.ഐ-യെയും, പോലീസ് ഉദ്യോഗസ്ഥരെയും ഡ്യൂട്ടി തടസ്സപ്പെടുത്തും വിധം കൈയ്യേറ്റം ചെയ്തതായും സൂചന പ്രകാരമുള്ള റിപ്പോർട്ടിൽ നിന്നും വ്യകതമാകുന്നുണ്ട്.

പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഒരു പോലീസുദ്യോഗസ്ഥൻ തന്നെ പോലീസ് സ്റ്റേഷനിൽ അഭയം പ്രാപിച്ച ഒരു വ്യക്തിയെ പോലീസ് സ്റ്റേഷനിൽ കയറി വന്ന് തടഞ്ഞ് വെച്ച് പോലീസുകാരുടെയും, പൊതുജനങ്ങളുടെയും മുൻപിൽ വെച്ച് ആ വ്യക്തിയെ ശാരീരികമായി ആക്രമിക്കുകയും, അസഭ്യം പറയുകയും, ഇത് കണ്ട് തടയാൻ ശ്രമിച്ച സ്റ്റേഷനിലെ എസ്.ഐ അടക്കമുള്ള പോലീസുദ്യോഗസ്ഥരെ അപമാനിച്ച് ചീത്തവിളിക്കുകയും, ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തുന്നവിധം തടസ്സപ്പെടുത്തുന്നവിധം കൈയ്യേറ്റം ചെയ്യുകയും വഴി ശ്രീ. ജില്ലു സെബാസ്റ്റ്യൻ, ഡ്രൈവർ സി.പി.ഓ 10598 എന്നയാൾ ഗുരുതരമായ കുറ്റം ചെയ്തിരിക്കുകയും പൊതുജനങ്ങൾക്ക് മുന്നിൽ പോലീസിന് അവമതിപ്പ് സൃഷ്ടിക്കുകയും, ഒരു അച്ചടക്ക സേനയിലെ ഒരു ഉദ്യോഗസ്ഥൻ ഒരിക്കലും ചെയ്ത് കൂടാത്ത ഗുരുതരമായ സ്വഭാവദൂഷ്യവും, ചട്ടലംഘനവും ചെയ്തിരിക്കുകയാണ്. ആയതിനാൽ **1958 ലെ KPDIP & A ചട്ടങ്ങളിലെ റൂൾ 7(1)A പ്രകാരംശ്രീ. ജില്ലു സെബാസ്റ്റ്യൻ (PEN 752449), ഡ്രൈവർ സി.പി.ഓ 10598, ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ എന്നയാളെ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം സർവീസിൽ നിന്നും സസ്പെൻറ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് അർഹതപ്പെട്ട ഉപജീവനപ്പടി ലഭിക്കുന്നതാണ്.**

05-07-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ. ജില്ലു സെബാസ്റ്റ്യൻ (PEN 752449), ഡ്രൈവർ സി.പി.ഓ 10598 എന്നയാൾക്ക് അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ , കോഴിക്കോട് റൂറൽ മുഖാന്തിരം

പകർപ്പ് :
1) സംസ്ഥാന പോലീസ് മേധാവി , പോലീസ് ആസ്ഥാനം (With C/L)
2) അസി.കമാണ്ടന്റ്, ഡി.എച്ച്.ക്യൂ , കോഴിക്കോട് റൂറൽ (3പകർപ്പ്) - നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
3)അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
4) എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ്5 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
5) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ